2009
നവംബർ
111

ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

# ലിറ്റിൽ മാസിക



## ഒന്നും വാങ്ങാതെ ഒരു ദിവസം

പപ്പായയും മുരിങ്ങയിലയും കഴിക്കരുതെന്ന് ആരാണ് കൽപ്പിച്ചത്?

CELEBRATE
BUY NOTHING DAY

2009
നവംബർ
ലക്കം 111

**ലിറ്റിൽ മാസിക**
ചുങ്കത്തറ പി.ഒ., മലപ്പുറം - 679934
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

1992ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു. ചെറിയ മനുഷ്യർ, കൊച്ചുപ്രസ്ഥാനങ്ങൾ, ചെറുതെങ്കിലും ആത്മാർത്ഥമായ ജനകീയ ഇടപെടലുകൾ പൂവ്, കാട്, പുഴ, ചെറുജീവികൾ, ദൃഷ്ടിഗോചരമല്ലാത്ത പ്രാണികൾ അങ്ങനെ ചെറുതും സുന്ദരവും സ്ഥായിയായി നിലനിൽക്കുന്നതുമായ ജീവിതത്തിന്റെ വിവിധ ഭാവങ്ങൾ...! ഇവയെക്കുറിച്ചെല്ലാമാണ് ഈ പത്രം വിചാരപ്പെടുന്നത്.

## രണ്ട് ധ്യാനകഥകൾ

### ഇരുളിൽ ഒരു തിരിനാളം

ദരിദ്രരായിരുന്നു മാഡംക്യൂറിയും അവരുടെ ഭർത്താവും. എന്നിട്ടും സർവ്വ സമ്പാദ്യങ്ങളും വിറ്റ് ഒരു രസതന്ത്രശാലയിൽ പരീക്ഷണങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കൾ അവർ വാങ്ങി. വിശപ്പ് അടക്കുവാൻ കൂലിപ്പണി ചെയ്യേണ്ടി വന്നിട്ടുണ്ട്.

വിദേശങ്ങളിൽ നിന്ന് ടൺ കണക്കിന് വാങ്ങിയ പീച്ച് ബ്ലെൻഡ് എന്ന അസംസ്കൃത സാധനം ശുദ്ധിചെയ്യുന്ന പരീക്ഷണങ്ങളായിരുന്നു അവ. ശുദ്ധിചെയ്ത് ശുദ്ധിചെയ്ത് ഒടുവിൽ അവശേഷിച്ചത് കോപ്പയിൽ കുറച്ച് ദ്രാവകം മാത്രം. പക്ഷേ, ആ ദ്രാവകവും കോപ്പയിൽ നിന്ന് ആവിയായി രൂപാന്തരപ്പെട്ടു മറഞ്ഞു. അതോടെ ആശകളെല്ലാം തകർന്നു.

കണ്ണീർ പൊഴിച്ചുകൊണ്ടാണ് ആ രാവിലവർ ഉറങ്ങിയത്. രാത്രിയിലെപ്പോഴോ അവർ ഉണർന്നപ്പോൾ പരീക്ഷണശാല ഏതോ വെളിച്ചത്തിൽ പകൽ പോലെ തെളിഞ്ഞു നിൽക്കുന്നു. അനേക വർഷങ്ങളായി തങ്ങളുടെ ഗവേഷണത്തിന്റെ ഫലമായ റേഡിയത്തിന്റെ വെളിച്ചമായിരുന്നു അത്. ആവിയായിപ്പോയ ദ്രാവകത്തിന് പ്രകാശിക്കാൻ ഈ ഇരുട്ട് ആവശ്യമായി വന്നു.


ജീവിതത്തിലും അപ്രതീക്ഷിതമായി എത്തുന്ന ചില ഇരുട്ടുകൾ മനസ്സിനെ വല്ലാതെ മടുപ്പിക്കരുത്. ആരറിഞ്ഞു മറ്റൊരു വെളിച്ചത്തിന്റെ സൗമ്യസാന്നിദ്ധ്യമറിയാനാവാം ഈ ഇരുട്ട്. •

### സംഗീതം

തടവറയിൽ ഒരു ഗായകനെ കൊണ്ടുവന്നു. അന്ന് സന്ധ്യയ്ക്ക് അയാൾ ഗിത്താർ വായിച്ച് ഉറക്കെ പാട്ടുപാടി. തടവുപുള്ളികൾ അയാളോടൊപ്പം ചേർന്നു പാടി. കുപിതനായ ജയിൽ വാർഡൻ അയാളുടെ ഗിത്താർ തല്ലിയുടച്ചു. പിറ്റേന്ന് സന്ധ്യയ്ക്ക് അയാൾ ഗിത്താറിന്റെ അകമ്പടിയില്ലാതെ ഒരു മനോഹരഗീതം പാടി. തടവുപുള്ളികൾ കോറസ് പാടി. അന്നു രാത്രിയിൽ അവർ അയാളുടെ നാവ് പിഴുതു. നാളെ അയാൾ എന്തു ചെയ്യും? അയാൾ തടവുപുള്ളികളുടെ മദ്ധ്യേ നിശ്ശബ്ദനായി നിന്നു, പിന്നെ മിഴി പൂട്ടി ഏതോ അഭൗമഗീതം ഉള്ളിൽകേട്ട് അതിന്റെ താളത്തിൽ നൃത്തം ചവിട്ടിത്തുടങ്ങി. അത്ഭുതം നിറഞ്ഞ ജയിൽ വാർഡൻ ഇങ്ങനെ വിളിച്ചുപറഞ്ഞു: ഇനി നമുക്ക് ഒന്നും ചെയ്യാനാവില്ല, കാരണം അവന്റെ സംഗീതം അവന്റെ ഉള്ളിലാണ്! •

## ലൈഫ് ഫ്രെയിം

*ഫോട്ടോ: ഹസ്സൻ മമ്പാട്*



ചീഫ് എഡിറ്റർ
**ബിജു ജോൺ**
കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**
മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**
എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**
പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**മനോഹർ വർഗീസ്**
**ചന്ദ്രബാബു തൃക്കലങ്ങോട്**
സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**
കവർ ഫോട്ടോ
**ഹസ്സൻ മമ്പാട്**
ലേഔട്ട്
**റസീസ് അഹമ്മദ്**
പ്രിന്റിംഗ്
**ഇംപീരിയൽ ഓഫ്സെറ്റ് എടവണ്ണ**
**9895117614**

**Copy left:** ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും രചനകൾ യഥേഷ്ടം ഉപയോഗിക്കാവുന്നതാണ്. രചയിതാവിന്റെ പേര് സൂചിപ്പിക്കണമെന്ന് മാത്രം.

പ്രചോദനം

# കൽക്കട്ടാ ലിറ്റിൽ മാഗസിൻ ലൈബ്രറി

ഇന്ത്യയുടെ സാംസ്ക്കാരിക തലസ്ഥാനമായ കൽക്കട്ട സന്ദർശിക്കുമ്പോൾ കൽക്കട്ടയിലെ തമർ ലൈനിൽ പ്രവർത്തിക്കുന്ന കൽക്കട്ടാ ലിറ്റിൽ മാഗസിൻ ലൈബ്രറിയെ ഒഴിവാക്കിയാൽ സന്ദർശനത്തിന് പൂർണ്ണതയുണ്ടാവില്ല. രാജ്യത്ത് മറ്റ് എവിടെയും ചെറിയ പ്രസിദ്ധീകരണങ്ങൾക്കായി മാത്രം ഇത്തരം ഒരു ലൈബ്രറി പ്രവർത്തിക്കുന്നുണ്ടാവില്ല. രാജ്യത്തെ വിവിധ ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന, പ്രസിദ്ധീകരിച്ചിരുന്ന ആയിരക്കണക്കിന് ലിറ്റിൽ മാഗസിനുകൾ ഇവിടെ ശേഖരിച്ച് വെച്ചിരിക്കുന്നു.

1978-ൽ ഒരു കോളജ് വിദ്യാർത്ഥിയായിരുന്ന സന്ദീപ് ദത്ത സ്വന്തം വീട്ടിലെ ചെറിയ മുറിയിൽ 750 ബംഗാളി ലിറ്റിൽ മാഗസിനുകളുടെ ഒരു പ്രദർശനം നടത്തി. കൽക്കട്ടയിലെ നാഷണൽ ലൈബ്രറി ലിറ്റിൽ മാഗസിനുകളെ അവഗണിക്കുന്നതിൽ പ്രതിഷേധിച്ചായിരുന്നു സന്ദീപ് ദത്തയുടെ ഈ ഉദ്യമം. തിരക്കുപിടിച്ച ബോയി പാരാ കോളജ് റോഡ് സ്ട്രീറ്റിലെ കൊച്ചുമുറിയിൽ പ്രവർത്തിക്കുന്ന ലൈബ്രറി, ലിറ്റിൽ മാഗസിനുകളെ ഗൗരവപൂർവ്വം സമീപിക്കുന്ന ഗവേഷണ പരിപാടികളും ലിറ്റിൽ മാഗസിൻ പ്രദർശനം, ഡോക്യുമെന്റേഷൻ തുടങ്ങിയവയും ഏറ്റെടുത്ത് നടത്തുന്നുണ്ട്.

---

വായനയുടെ പക്ഷം

ലിറ്റിൽ മാസികയിൽ അക്കു എഴുതിയ ലേഖനത്തിൽ ഈ എളിയവനെ പരാമർശിച്ചതിൽ നന്ദി പറയുന്നു. അതോടൊപ്പം 'കരീം കെ പുറവും സുഹൃത്തുക്കളും' എന്ന് എഴുതേണ്ടിയിരുന്നു. ഞാൻ ചെയ്യണം എന്ന് മനസ്സിലുറപ്പിച്ചാൽ കൂട്ടുകാരെ കാത്ത് നിൽക്കാറില്ലെങ്കിലും അന്ന് എന്നോടൊപ്പം ഉടനെ സഹകരിക്കാൻ തയ്യാറായി കൂട്ടുകാരുണ്ടായിരുന്നു. അതുകൊണ്ട് അതെന്റെ മാത്രം പരിപാടിയായിരുന്നില്ല. എന്നിരുന്നാലും ആ പ്രവൃത്തി താങ്കൾക്ക് പ്രചോദനമായി എന്നറിയുന്നതിൽ സന്തോഷമുണ്ട്. ഈ രാജ്യത്തിന് വേണ്ടി ആരേയും കാത്ത് നിന്നിട്ട് കാര്യമില്ല. നമ്മെക്കൊണ്ടാവുന്നത് ചെയ്യാം. ലിമാക്ക് അഭിവാദ്യങ്ങൾ.

*കരീം.കെ.പുറം*

ലിറ്റിൽ മാസിക സെപ്റ്റംബർ ലക്കം മികച്ചതായി. യാത്രികൻ നൗഷാദിന്റെ വിലാസവും ഫോൺനമ്പരും ലിമയിൽ കൊടുക്കണം. ആളുമായി ബന്ധങ്ങൾ സ്ഥാപിക്കാമല്ലോ? അക്കുവിന്റെ 'ജീവിതത്തിന്റെ ലളിതപാഠങ്ങൾ' വളരെ നന്നാവുന്നുണ്ട്. എല്ലാ ആശംസകളും !

*ജോയ് ജോസഫ്, തിരുമുടിക്കുന്ന്*

കയ്യെഴുത്തിന്റെ സൗന്ദര്യം ഓർമ്മിപ്പിക്കുന്ന 'കൈമുദ്ര' വളരെ ആകർഷകമാകുന്നു.

*ശ്രുതി സൂസൻ*

അതി കാലെയുള്ള വീട്ടുപരിസരം ഒരു സാധ്യതയാണ്. ഒരു പാട് ശബ്ദങ്ങൾ. ശ്രദ്ധിച്ചാലറിയാം ഇലവീഴുന്ന, വിടരുന്ന, ചെറിയ, വലിയ ശബ്ദങ്ങൾ. ജീവിതം ബഹുസ്വരം (Pollyphonic) ആയിരിക്കുന്നതിലെ സൗന്ദര്യത്തെ മനസ്സിലാവുന്നുണ്ട്. പലതും ചേർന്ന ഒന്ന് എന്ന് ജീവിതത്തെ വായിക്കാം. സാഹിത്യം,രാഷ്ട്രീയം, ഭക്ഷണം എല്ലാത്തിലുമുണ്ട് പല ശബ്ദം. അതിൽ നിന്ന് വിട്ട്, ഒരേ ശബ്ദത്തിലേക്കും നിറത്തിലേക്കും മണത്തിലേക്കും പോവാനാണ് ആവശ്യപ്പെടുന്നത്.. പക്ഷേ ഞാനിവിടെ നിൽക്കാൻ ആഗ്രഹിക്കുന്നു, പല സ്വരങ്ങളുടെ ഇടയിൽ, അവയിൽ എന്റേത് രേഖപ്പെടുത്തിക്കൊണ്ട്.

*പ്രതീഷ് എം പി*

ലിറ്റിൽ മാസിക സെപ്റ്റംബർ ലക്കം കിട്ടി. കേരളത്തിലെ എല്ലാ സ്കൂളുകളിലേക്കും ലിറ്റിൽ മാസിക എത്തണം. നമ്മുടെ അദ്ധ്യാപകർ പ്രകൃതി എന്തെന്ന് അറിഞ്ഞ് കുട്ടികളെ പഠിപ്പിക്കട്ടെ! സൗഖ്യമെന്ന് കരുതുന്നു. സ്നേഹാദരം

*മധു ആലപ്പടമ്പ്*




കാർഫ്രീ ഡേ എന്ന ആശയം ഇന്ത്യയിൽ ഒരു മാധ്യമത്തിലും കണ്ടില്ല. ഇങ്ങനെയൊരു ദിനാചരണം കഴിഞ്ഞുപോയതായി ലിറ്റിൽ മാസിക വായിച്ചപ്പോഴാണ് അറിയാൻ കഴിഞ്ഞത്. പലകാര്യങ്ങളും നമ്മുടെ മാധ്യമങ്ങൾ ശ്രദ്ധിക്കുന്നില്ലെന്നു തോന്നുന്നു.

*ബിജിമോൻ ആലാംപള്ളിൽ*

## സൈലന്റ് വാലി ദേശീയോദ്യാനത്തിന് രജതജൂബിലി

ജൈവ വൈവിധ്യത്തിന്റെ കലവറയായ സൈലന്റ് വാലി ദേശീയ ഉദ്യാനമായി പ്രഖ്യാപിച്ച് 25 വർഷം തികയുമ്പോൾ വനംവകുപ്പ് ഡിസംബറിൽ 10, 11 തീയതികളിലായി ജൂബിലി ആചരിക്കുന്നു. അതുമായി സഹകരിക്കുന്നതിനൊപ്പം ഐതിഹാസികമായ ജനകീയസമരത്തിലൂടെ അണക്കെട്ടുലോബിയുടെ ദംഷ്ട്രങ്ങളിൽ നിന്ന് മോചിപ്പിച്ച മഴക്കാടിന്റെ മഹത്വം, അതുപോലെ സൈലന്റ് വാലിയുടേയും പശ്ചിമഘട്ടവനങ്ങളുടേയും പ്രാധാന്യവും ഇവ പുതിയ തലമുറയ്ക്ക് പകർന്ന് നൽകാനുള്ള അവസരമായും ഇതിനെ കാണണം. മനുഷ്യ പ്രകൃതിബന്ധത്തിൽ ഉണ്ടായിവന്ന പുതിയ ദിശാബോധം കൈമോശം വരുന്നുവോ എന്ന് പരിശോധിക്കാനും ഇതൊരു അവസരമാണ്. അതോടൊപ്പം സൈലന്റ് വാലി സമരത്തിൽ പങ്കെടുത്തവരുടെ ഒത്തുചേരൽ ഡിസംബർ 20, 21 തീയതികളിൽ നടത്തപ്പെടുന്നു. സെമിനാറുകൾ, കവിയരങ്ങ്, ഫോട്ടോ പ്രദർശനം, ഫിലിം പ്രദർശനം, ഇവയും ഉണ്ടാകും. *ബന്ധങ്ങൾക്ക്: എൻ. ബാദുഷ വയനാട്, പ്രകൃതി സംരക്ഷണസമിതി, ബത്തേരി -04936 270222, ജാഫർ പാലോട്ട്- 9447470436*


കവർസ്റ്റോറി
ലിമ ന്യൂസ് ഡെസ്ക്

ഉപഭോഗ ജീവിതശൈലിക്ക് ബദലായി ഉയർന്നുവന്ന ആശയമാണ് ബൈ നതിംഗ് ഡേ.

# ഒന്നും വാങ്ങാതെ ഒരു ദിവസം

ഉപഭോഗ ജീവിതശൈലിക്ക് ബദലായി ഉയർന്ന് വന്ന ആശയമാണ് ബൈ നതിംഗ് ഡേ . കാനഡായിൽ ആരംഭിച്ച ബൈ നതിംഗ് ഡേ കാമ്പയിൻ കനേഡിയൻ മാസികയായ അഡ്ബസ്റ്റേഴ്സ് ഏറ്റെടുത്തു. വന്യമായ ഉപഭോഗസംസ്ക്കാരം ശാപമായി മാറിയ ഒന്നാം ലോകരാജ്യങ്ങളിൽ യാതൊന്നും വാങ്ങാതെ 24 മണിക്കൂർ കഴിച്ചുകൂട്ടുക ചിന്തിക്കാൻ പോലും കഴിയാത്ത കാര്യമാണ്. വികസിത രാജ്യങ്ങളിൽ പ്രതി ശീർഷ ഉപഭോഗം കുത്തനെ ഉയരുമ്പോൾ വിഭവങ്ങളുടെ അമിത ഉപഭോഗം, വിഭവങ്ങളുടെ അനാവശ്യ ധൂർത്ത്, കുന്നുകൂടുന്ന മാലിന്യം ഇവയാണ് ഉണ്ടാകുന്നത്. അതുകൊണ്ടുതന്നെ ചിന്തി




ക്കുന്ന ആക്റ്റിവിസ്റ്റുകൾ ഒന്നും വാങ്ങാതെ ഒരു ദിവസം എന്ന പ്രചാരണ സന്ദേശം ജനങ്ങളിലേക്ക് പകർന്നു. അന്തവും കുന്തവും ഇല്ലാതെ വാങ്ങുക, വാങ്ങുക, ഉപയോഗിക്കുക, കൂടുതൽ ഉപയോഗിക്കുക എന്നത് ജീവിതശൈലിയാക്കിയ വികസിത സമൂഹം ഗത്യന്തരമില്ലാതെ വാങ്ങലും ഉപഭോഗവും കുറയ്ക്കാൻ സ്വയം ആലോചിക്കുന്നതിന്റെ ഭാഗമാണീ കാമ്പയിൻ.

## നിയന്ത്രണമില്ലാത്ത വാങ്ങൽ

ഷോപ്പിംഗ് ഫെസ്റ്റിവലുകൾ ലോകമെങ്ങും വിവിധ പേരുകളിൽ, രൂപത്തിൽ പ്രചാരം നേടിയിട്ടുണ്ട്. ദുബായ് ഷോപ്പിംഗ് ഫെസ്റ്റിവൽ തന്നെയാണ് ഒരു ഉദാഹരണം. നമ്മുടെ കൊച്ചു കേരളം തന്നെ ഒരു മാൾ ആക്കി മാറ്റി സർക്കാരിന്റെ ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ പരിപാടി ഇപ്പോൾ തന്നെ ഉപഭോഗസമൂഹമായി മാറിക്കഴിഞ്ഞ കേരളത്തെ വീണ്ടും വീണ്ടും ഉപഭോഗാലസ്യങ്ങളിലേക്ക് തള്ളിവിടുവാൻ വേണ്ടിയാണ് ഉപകരിക്കുക. എന്നാൽ ഉപഭോഗം ഒരു ജീവിതശൈലി തന്നെയാക്കി മാറ്റിയ പാശ്ചാത്യ-വികസിത രാജ്യങ്ങളിൽ ഉപഭോഗ സംസ്കാരത്തിനെതിരെ ശക്തമായ തിരിച്ചറിവുകൾ ഉണ്ടായിരിക്കുന്നു. ഈ സാഹചര്യത്തിലാണ് ബൈ നതിംഗ് ഡേ പോലുള്ള ആചരണങ്ങളുടെ പ്രസക്തി. ബൈ നതിംഗ് വീക്ക്, ബൈ നതിംഗ് മന്ത് എന്നിങ്ങനെ ആഴ്ചകളോളം മാസം മുഴുവൻ ഒരു സാധനവും വാങ്ങില്ല എന്ന തീരുമാന ത്തിൽ കാമ്പയിനുകൾ നമ്മുടെ കണ്ണ് തുറപ്പിക്കുന്നതാണ്. സാധനങ്ങളുടെ വാങ്ങൽ ഉപഭോഗം കാര്യമാത്രപ്രസക്തമായി നിയന്ത്രിക്കുന്ന ബൈ നതിംഗ് ഫെസ്റ്റിവലുകൾ തന്നെയല്ലേ നമ്മുടെ സർക്കാരുകൾ പ്രചരിപ്പിക്കേണ്ടത്? വാങ്ങൽ ഇല്ലാതെ എന്ത് ആഘോഷം അല്ലേ സാർ?

## എന്തിന് ബൈ നതിംഗ് മൂവ്മെന്റ്

വലിയ ഷോപ്പിംഗ് മാൾ, സൂപ്പർമാർക്കറ്റുകൾ, ഡിസ്കൗണ്ട് ഷോപ്പുകൾ, ഷോപ്പിംഗ് ഫെസ്റ്റിവൽ എന്നിങ്ങനെ ഉപഭോഗപരതയുടെ മഹാവിപണന കേന്ദ്രങ്ങളുടെ പ്രവാഹത്തിൽ കമ്യൂണിറ്റി ഷോപ്പുകൾ എന്നും നിൽക്കും. കോർപ്പറേറ്റ് ഭീമൻമാർ ഇടത്തരം വ്യാപാര കേന്ദ്രങ്ങളെ , അങ്ങാടികളെ, നാൽക്കവലകളെ തുടച്ചു നീക്കുമ്പോൾ സംഭവിക്കുന്നത് സാമ്പത്തിക വിതരണത്തിന്റെ അസന്തുലിതമായ ഒരു നവലോകക്രമമാണ്.

ബൈ നതിംഗ് ഡേ 24 മണിക്കൂർ നേരം എല്ലാ വാങ്ങൽ ഇടപാടുകളിൽ നിന്നും വിട്ടുനിൽക്കുക എന്നാണ്. ഉപഭോഗ ശീലത്തെ ഒരു പഠനനിർണ്ണയം നടത്താൻ ഒരു അവസരം.

യു. എൻ. പഠനപ്രകാരം ലോകജനസംഖ്യയുടെ കേവലം 20% വരുന്ന സമ്പന്നരാണ് വിഭവങ്ങളുടെ 86% ഉപയോഗിക്കുന്നത്. വിഭവങ്ങളുടെ ഉപഭോഗത്തിൽ ഉള്ള ഈ അസന്തുലിതാവസ്ഥയെ പരിപോഷിപ്പിക്കുന്ന ഷോപ്പിംഗ് ശീലങ്ങളിൽ മാറ്റം വരുത്തുവാൻ ബൈ നതിംഗ് ഡേ ആഹ്വാനം ചെയ്യുന്നു.

ബൈ നതിംഗ് ഡേ റീട്ടെയിൽ വ്യാപാരത്തിനും വാണിജ്യ

# Novovember 27 Buy Nothing Day

പ്രക്രിയക്കും എതിരല്ല. ഉപഭോക്താവിനെ ചിന്തിപ്പിക്കുന്നതിനും, ഉത്തരവാദിത്വപരമായും മിതത്വ പരമായും മാത്രം സാധനങ്ങൾ വാങ്ങുവാൻ പ്രേരിപ്പിക്കുക, മിതവ്യയത്തിന്റെ സന്ദേശം പ്രചരിപ്പിക്കുക എന്നതാണീ മിതവ്യയ ദിനാചരണത്തിന്റെ ലക്ഷ്യം.

### പരസ്യതന്ത്രങ്ങളെ കുറിച്ചുള്ള തിരിച്ചറിവ്

ബൈ നതിംഗ് ഡേ പരസ്യവേലകളുടെ പുത്തൻ മാസ്മരിക ലോകത്ത് എന്തും വാങ്ങിപ്പിക്കുക -ആവശ്യമുള്ളതും ആവശ്യമില്ലാത്തതും- എന്ന ഗൂഢസന്ദേശങ്ങളെക്കുറിച്ച് ഉപഭോക്താവിനെ ബോധവാനാക്കുന്നതിനും മിതവ്യയത്തിനും ഉന്നം വെയ്ക്കുന്നു. ആവശ്യമുള്ളത് എന്ത്? ഇപ്പോൾ കൈവശമുള്ളത് എന്ത്? എന്നിങ്ങനെയുള്ള സ്വയം വിലയിരുത്തലുകൾ നടത്തി വേണം വാങ്ങൽ നടത്തേണ്ടത്. ആവശ്യം നിറവേറ്റാനായിരിക്കണം വാങ്ങൽ; അത്യാഗ്രഹം നിറവേറ്റാനാവരുത്. എന്ന സന്ദേശത്തിനാണ് പുതിയ കാലത്ത് പ്രസക്തി. ●

**വലിയ ഷോപ്പിംഗ് മാൾ, സൂപ്പർമാർക്കറ്റുകൾ, ഡിസ്കൗണ്ട് ഷോപ്പുകൾ, ഷോപ്പിംഗ് ഫെസ്റ്റിവൽ എന്നിങ്ങനെ ഉപഭോഗപരതയുടെ മഹാവിപണന കേന്ദ്രങ്ങളുടെ പ്രവാഹത്തിൽ ഉപഭോഗവും വാങ്ങലും കുറയ്ക്കുകയോ കാര്യമാത്ര പ്രസക്തമാക്കുകയോ ചെയ്യാതെ മനുഷ്യരാശിക്ക് നിലനിൽക്കാൻ കഴിയില്ലെന്ന സന്ദേശവുമായാണ് 'ബൈ നതിംഗ് ഡേ' പ്രസ്ഥാനം ലോകമെങ്ങും ഈ വരുന്ന നവംബർ 27ന് ബൈനതിംഗ് ഡേ ആയി ആചരിക്കുന്നത്.**

## ബൈ നതിംഗ് ക്രിസ്മസും

ലോകമെങ്ങും ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി വൻ ധൂർത്താണ് നടക്കുന്നത്. ആഘോഷങ്ങൾ ഏതും ധൂർത്തിന്റെ തന്നെ പര്യായമാകുമ്പോൾ ഒന്നും വാങ്ങാതെയോ കുറഞ്ഞപക്ഷം വിനിയോഗം കുറക്കുകയെങ്കിലും ചെയ്ത് ക്രിസ്മസ് ആഘോഷിക്കാൻ ബൈ നതിംഗ് ക്രിസ്മസ് എന്ന കാമ്പയിനും ലോകവ്യാപകമായി നടക്കുന്നുണ്ട്.

ലാളിത്യത്തിന്റെ ആൾരൂപമായിരുന്ന ക്രിസ്തുവിന്റെ ജനനവും കന്നുകാലിത്തൊഴുത്തിലായിരുന്നല്ലോ? ക്രിസ്തുവിന്റെ ജനനം ആഘോഷിക്കുന്നതിന്റെ പേരിൽ ആർഭാടം നടത്തുന്നത് ആശാസ്യമാണോ എന്ന് ചിന്തിക്കാനും ഉപഭോഗപരതയുടേതല്ലാത്ത ജീവിതക്രമം പ്രചരിപ്പിക്കാനും ഇതാ ഒരു 'ബൈനതിംഗ് ക്രിസ്മസ്' കൂടി.

## ലിറ്റിൽ മാസിക പ്രചാരണ കാമ്പയിൻ

### ഡിസംബർ 2009 – 2010 ജനുവരി

1992ൽ ആരംഭിച്ച മാസിക ഇതുവരെ 111 ലക്കങ്ങളേ പൂർത്തീകരിച്ചിട്ടുള്ളൂ. ചെറുകിട / സമാന്തര പ്രസിദ്ധീകരണങ്ങളുടെ എല്ലാ വെല്ലുവിളികളും ഏറ്റെടുക്കുമ്പോഴും പരാധീനതകളുടെ ഭാരവും മാസികാ പ്രവർത്തനത്തിന് പലപ്പോഴും തടസ്സമാവുന്നുണ്ട്. എങ്കിലും പരമാവധി കൃത്യത പുലർത്താൻ ഞങ്ങൾ ആവുന്നത്ര പരിശ്രമിക്കുന്നുണ്ട്.

പരസ്യങ്ങളില്ലാതെ വരിസംഖ്യയെ മാത്രം ആശ്രയിച്ച് ഇത്തരമൊരു പ്രസിദ്ധീകരണം നിലനിൽക്കേണ്ടതു തന്നെയാണ് എന്നാണ് ഞങ്ങൾക്ക് കിട്ടുന്ന നല്ല പ്രതികരണങ്ങളും സഹകരണങ്ങളും തെളിയിക്കുന്നത്. 16 ലക്കങ്ങൾക്ക് 100 രൂപ വരിസംഖ്യയായി സ്വീകരിച്ചാണ് പ്രസിദ്ധീകരണ ചെലവ് കണ്ടെത്തുന്നത്.

2010 ജനുവരിയോടെ പരമാവധി വരിക്കാരെ കണ്ടെത്താൻ കഴിഞ്ഞാൽ മാസികയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയും. അതുകൊണ്ട് ലിറ്റിൽ മാസിക 2009 ഡിസംബർ, 2010 ജനുവരി മാസങ്ങളിൽ പ്രചാരണ കാമ്പയിൻ ആചരിക്കുന്നു.

ഇപ്പോൾ മാസിക കിട്ടിക്കൊണ്ടിരിക്കുന്നവരിൽ വരിസംഖ്യ അടക്കാത്തവർ ഒന്നു ശ്രദ്ധവെച്ചാൽ പ്രസിദ്ധീകരണത്തിന് വലിയൊരു സഹായമാകും. വരിസംഖ്യ പുതുക്കാത്തവർ പുതുക്കിയും പുതിയ വരിക്കാരെ പരിചയപ്പെടുത്തിയും സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.




**ലിറ്റിൽ മാസിക**

**16 ലക്കങ്ങൾക്ക് 100 രൂപ**

**ഇന്നുതന്നെ എം.ഒ അയക്കുമല്ലോ.**


ലിറ്റിൽമാസിക, ചുങ്കത്തറ പി.ഒ, മലപ്പുറം ജില്ല – 679334

ഡോ. കെ. മാധവൻകുട്ടി

# പപ്പായയും മുരിങ്ങയിലയും കഴിക്കരുതെന്ന് ആരാണ് കൽപ്പിച്ചത്?

**ഇന്ന് നമുക്കിടയിൽ ഭക്ഷ്യ വസ്തുക്കളെ പറ്റിയുള്ള തെറ്റായ മിക്ക സങ്കൽപ്പങ്ങൾക്കും കാരണം സായിപ്പൻമാർ നമ്മുടെ മേൽ അടിച്ചേൽപ്പിച്ച പോഷകാഹാര മിഥ്യകളാണ്.**





ഇന്ന് നമുക്കിടയിൽ ഭക്ഷ്യ വസ്തുക്കളെ പറ്റിയുള്ള തെറ്റായ മിക്ക സങ്കൽപ്പങ്ങൾക്കും കാരണം സായിപ്പൻമാർ നമ്മുടെ മേൽ അടിച്ചേൽപ്പിച്ച പോഷകാഹാര മിഥ്യകളാണ്. ഏകദേശം എൺപത് കൊല്ലം മുൻപ് മദ്രാസ് ക്രിസ്ത്യൻ കോളേജിലെ ഫിസിയോളജി പ്രൊഫസറായിരുന്ന ആർക്റോയഡും മറ്റ് ബ്രിട്ടീഷ് പ്രൊഫസർമാരും ആണ് ഇവിടുത്തെ അന്നത്തെ തലമുറയെ തെറ്റിദ്ധരിപ്പിച്ചത്. ഒരു ഉദാഹരണം പറയാം. അദ്ദേഹം പ്രോട്ടീനുകളെ ഒന്നാം ക്ലാസും രണ്ടാം ക്ലാസുമായി വിഭജിച്ചു. മാംസാഹാരങ്ങളിലുള്ള (ഉദാ: ഇറച്ചി, കോഴിമുട്ട) പ്രോട്ടീനുകളെ ഒന്നാം ക്ലാസായും സസ്യാഹാരത്തിലുള്ളവയെ (ഉദാ: പരിപ്പ്, കടല) രണ്ടാം ക്ലാസായും വിശദീകരിച്ചു. എന്നുമാത്രമല്ല, യഥാർത്ഥ പോഷണം ലഭിക്കണമെങ്കിൽ ഒന്നാം ക്ലാസ് പ്രോട്ടീൻ കഴിക്കണമെന്നും നമ്മെ തെറ്റിദ്ധരിപ്പിച്ചു. ഒന്നാം ക്ലാസ് പ്രോട്ടീൻ കഴിക്കാത്തതുകൊണ്ടാണ് ഇന്ത്യക്കാർ കളികളിലും യുദ്ധങ്ങളിലും തോൽക്കുന്നതെന്നും അവർ സമർത്ഥിച്ചു. ഏതായാലും ഈ മിഥ്യകൾ മുഴുവൻ തെറ്റാണെന്ന് സമർത്ഥിക്കപ്പെട്ടിരിക്കുകയാണ്. ഏത് അമിനോ ആസിഡിനേയും മറ്റൊന്നായി മാറ്റാൻ നമ്മുടെ ദേഹത്തിന് കഴിവുണ്ട് എന്നതാണ് സത്യം.

മേൽപ്പറഞ്ഞ നിഗമനങ്ങളുടെ പശ്ചാത്തലത്തിലാണ് നാം വില കൂടിയ ഭക്ഷണങ്ങൾ നല്ല ഭക്ഷണങ്ങളാണ് എന്ന തെറ്റിദ്ധാരണയിൽ എത്തിച്ചേർന്നത്. വാസ്തവത്തിൽ ഏറ്റവും നല്ല പോഷകാഹാരങ്ങൾ വില കൂടിയവ ആകണമെന്നില്ല. പോഷക സമ്പുഷ്ട ആഹാരങ്ങളുടെ പത്തിനങ്ങളുള്ള ഒരു പട്ടിക താഴെ ചേർക്കുന്നു.

1. ഇലക്കറികൾ: ചീര, മല്ലിയില, അഗത്തിചീര, ബ്രോക്കോളി എന്നിവയെല്ലാം ഈ ഗ്രൂപ്പിൽ പെടുമെങ്കിലും പ്രഥമസ്ഥാനം നമ്മുടെ തൊടികളിലെല്ലാം വളരുന്നതും (വളർത്തേണ്ടതും) ആയ മുരിങ്ങ മരത്തിൽ നിന്ന് ലഭിക്കുന്ന ഇലയാണ്. മുരിങ്ങ മരത്തിന് പ്രത്യേക ശുശ്രൂഷയൊന്നും വേണ്ട. വളം ചേർക്കേണ്ട ആവശ്യവുമില്ല. നൂറ് ശതമാനം ഓർഗാനിക് ആണ്. ഇതും മറ്റ് പല ഇലക്കറികളും കാത്സ്യം, ഇരുമ്പ്, ബീറ്റാ കരോട്ടിൻ, വിറ്റാമിൻ സി, റൈബോ ഫ്ളേവിൻ, ഫോളിക് ആസിഡ് നാരുകൾ എന്നിവയുടെ ഉറവിടമാണ്. ഇതിനെല്ലാം പുറമെ ഇത് ബുദ്ധിശക്തി വർദ്ധിപ്പിക്കാൻ വളരെ സഹായകവുമാണ്.


2. പച്ചക്കറികൾ: ബീൻസ്, പയറ്, വഴുതന, വെണ്ട, വെള്ളരി, മത്തൻ, ഇളവൻ, തക്കാളി, പപ്പായ (കർമൂസ്) എന്നിവയെല്ലാം ഈ വിഭാഗത്തിൽ പെടും. ഇവയിൽ കാത്സ്യം, ഇരുമ്പ്, സോഡിയം, ക്ലോറൈഡുകൾ, കോബാൾട്ട്, കോപ്പർ, മഗ്നീഷ്യം, മാംഗനീസ്, ഫോസ്ഫറസ്, പൊട്ടാസ്യം എന്നീ ധാതുക്കളും വിറ്റാമിനുകളായ സി, എ, ഫോളിക് ആസിഡ് എന്നിവയും ധാരാളമുണ്ട്. പച്ചക്കറികളിൽ ധാരാളം ഭക്ഷ്യനാരുകൾ ഉള്ളതിനാൽ അവ കഴിക്കുന്നത് പ്രമേഹം, പൊണ്ണത്തടി, ഹൃദോഗം എന്നിവ നിയന്ത്രിക്കാൻ സഹായകമാണ്. രക്തത്തിലെ കൊഴുപ്പുകളായ ട്രൈഗ്ലിസറൈഡുകൾ, കൊളസ്ട്രോൾ എന്നിവയുടെ അളവു കുറക്കുന്നതിനും പച്ചക്കറികൾ സഹായിക്കുന്നു.

3. പഴവർക്ഷങ്ങൾ: തണ്ണിമത്തൻ, പഴം, മധുര നാരങ്ങ, മുന്തിരിങ്ങ, ആപ്പിൾ, പൈനാപ്പിൾ മുതലായവയെല്ലാം ഇവയിൽ പെടും. പച്ചക്കറികളിൽ പെട്ട പപ്പായ, തക്കാളി എന്നിവയും ഈ ഗ്രൂപ്പിൽ പെടുത്താം. പഞ്ചസാരയുടെ ആധിക്യം പഴവർഗങ്ങൾ ധാരാളം ഉപയോഗിക്കുന്നതിൽനിന്ന് പ്രമേഹരോഗികളെ ന്യായമായും വിലക്കും. എന്നാൽ ഇതിൽ ഏറ്റവും പഞ്ചസാര കുറഞ്ഞ പഴങ്ങളാണ് പപ്പായയും തക്കാളിയും. പലവിധ സ്പെഷൽ ഡയറ്റുകളുടെയും ഒരു അവിഭാജ്യ ഘടകമാണ് ഈ രണ്ട് വിഭവങ്ങളും. പപ്പായ മാത്രം പ്രാതലിന് ഭക്ഷണമായി പ്രത്യേക ഡയറ്റ് പോലും നിലവിലുണ്ട്.

ഇത്രയും എഴുതിയപ്പോഴാണ് രാസവസ്തു-രാസവള കമ്പനികളുടേയും കീടനാശിനി നിർമ്മാതാക്കളുടേയും പുതിയ മൾട്ടി നാഷണൽ സൂപ്പർ മാർക്കറ്റുകളുടേയും അന്യ സംസ്ഥാന പച്ചക്കറിക്കാരുടേയും ലോബികൾ ചേർന്ന് നാം ചിരകാലമായി ഉപയോഗിച്ചു വരുന്ന വില കുറഞ്ഞ ഭക്ഷണ വസ്തുക്കളെ പറ്റി നടത്തുന്ന കള്ള പ്രചാരണങ്ങൾ ഓർമ വരുന്നത്. പപ്പായ, മുരിങ്ങയില എന്നിവയിലെ രാസവസ്തുക്കൾ ഇലക്ട്രോ മാഗ്നറ്റിക്

തരംഗങ്ങളെ പിടിച്ചെടുക്കുമെന്നും അതിനാൽ ഇവയുടെ ഉപയോഗം ക്യാൻസറിന് ഇടയാക്കുമെന്നുമാണ് അവരുടെ അത്ഭുതകരമായ കണ്ടുപിടിത്തം. ഇതിന് യാതൊരു ശാസ്ത്രീയ അടിത്തറയുമില്ല. അവ ക്യാൻസർ ഉണ്ടാക്കുകയില്ലെന്നു മാത്രമല്ല അവയിൽ അടങ്ങിയ പല രാസവസ്തുക്കളും ക്യാൻസർ തടയുന്ന ഏജന്റുകളാണെന്നും മനസിലാക്കേണ്ടിയിരിക്കുന്നു.

യഥാർത്ഥ കാർസിനോജനുകൾ(ക്യാൻസറിന്റെ വളർച്ചക്ക് സഹായകമാകുന്ന പദാർത്ഥങ്ങൾ) അടങ്ങിയിട്ടുള്ളത് ചില രാസവളങ്ങളിലും കീടനാശിനി കളിലുമാണ്. അവ ഉപയോഗി



ച്ചുണ്ടാക്കുന്ന വില കൂടിയ ഭക്ഷ്യ വസ്തുക്കളിലും മാംസാഹാരങ്ങളിലുമാണ് ഈ ഘടകങ്ങളുള്ളത്. മുരിങ്ങയിലയും കർമൂസും ഭക്ഷണത്തിലെ അനിഷേധ്യ രാജാക്കന്മാർ തന്നെയാണ്.

ഭക്ഷ്യ പദാർത്ഥങ്ങൾ എന്നതിനു പുറമെ പല പച്ചക്കറികളും നമ്മുടെ ആയുർവേദ ഔഷധ ശാസ്ത്രത്തിലെ രത്ന ഖനികളാണ്. ചെറുനാരങ്ങ, നെല്ലിക്ക, വെളുത്തുള്ളി, ഉള്ളി, കയ്പക്ക, മുരിങ്ങയില, മുന്തിരിങ്ങ തുടങ്ങിവയെല്ലാം ഔഷധങ്ങളായി ലോകാരോഗ്യ സംഘടന പോലും അംഗീകരിച്ച വസ്തുക്കളാണ്. നാം അവയെ വേണ്ടവിധം കൃഷി ചെയ്യുകയും ഉപയോഗിക്കുകയും ചെയ്യുന്നില്ല എന്നുമാത്രം.

ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും (ചൊവ്വ, വെള്ളി എന്നാണു വെപ്പ്) ഇലക്കറികൾ കൊണ്ടു മാത്രം കൂട്ടാനും ഉപ്പേരിയും ഉണ്ടാക്കി ഉപയോഗിച്ചിരുന്നത് ഇവിടെ നിലനിന്നിരുന്ന ഒരാചാരമായിരുന്നു. ഇതു ശാസ്ത്രീയമായും ഇന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. ഭക്ഷണത്തിൽ പച്ചിലകൾ ഉപയോഗിക്കുന്നത് ഉത്തമമായ ഒരു കാര്യമാണ്. കർക്കടക മാസത്തിൽ നാം ഇതിനു പ്രത്യേക സ്ഥാനം നൽകിയിരുന്നു. വളരെ പ്രസിദ്ധമായ പത്തില കൊണ്ടുള്ള ഉപ്പേരിയും കറികളും വെച്ചിരുന്നത് കർക്കടക മാസത്തിലെ മുപ്പെട്ടു വെള്ളിയാ ഴ്ചയാണ്.

നെയ്യുർണി, താള്, തകര,/കുമ്പളം, മത്തൻ, വെള്ളരി,/ ആനക്കൊടി ത്തൂവ, ചീര,/ചേന, ചേമ്പ് പത്തില. മുരിങ്ങയില ഇതിൽ ചേർക്കാത്തത് കർക്കടകത്തിൽ പലപ്പോഴും അത് കൊഴിഞ്ഞിരിക്കും എന്നതു കൊണ്ടാണ്.

ഏതായാലും ഈ വില കുറഞ്ഞ, പോഷക സമൃദ്ധമായ ആഹാരങ്ങൾ സ്വീകരിക്കുകയും അവ വേണ്ടപോലെ ഉപയോഗിക്കുകയും ചെയ്താൽ കേരളത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്താം. പോഷകാഹാരത്തെ കുറിച്ച് കൂടുതൽ ബോധവാൻമാരാകുകയും തെറ്റിദ്ധാരണകളിലും കള്ള പ്രചരണങ്ങളിലും പെടാതിരിക്കാൻ കാര്യങ്ങൾ ശ്രദ്ധയോടെ മനസ്സിലാക്കാൻ ശ്രമിക്കുകയും വേണം.

*(സിറാജ് ദിനപത്രത്തിൽ വന്ന ലേഖനം, പാഠഭേദം മാസിക പുനപ്രസിദ്ധീകരിച്ചത്. )*

അഹിംസാ മാർഗം

ഡേവീസ് വളർക്കാവ്

# ഹിംസ ഒഴിവാക്കിക്കൊണ്ടുള്ള ബലിപെരുന്നാളും ക്രിസ്തുമസും

**ഖുർആന്റെ ഹരിത വായനയുടെ ഭാഗമായി ഹിംസ ഒഴിവാക്കി ബലിപെരുന്നാൾ ആഘോഷിക്കാനാകുമോ.? എന്ന വിഷയത്തിൽ കഴിഞ്ഞ ഓഗസ്റ്റ് 23 ന് തൃശൂരിൽ വെച്ച് ഒരു സ്നേഹസംവാദം നടക്കുകയുണ്ടായി. ഹിംസ ഒഴിവാക്കിക്കൊണ്ടുള്ള ക്രിസ്തുമസ് ആഘോഷത്തെക്കുറിച്ച് ഡിസംബറിൽ മറ്റൊരു സംവാദം സംഘടിപ്പിക്കുന്നുണ്ട്. ഹിംസാരഹിതമായ മതാചാരങ്ങൾ, ആഘോഷങ്ങൾ പ്രസക്തമാണോ എന്ന ഒരു ആലോചന.**

ഖുർആന്റെ ഹരിത വായനയുടെ ഭാഗമായി ഹിംസ ഒഴിവാക്കി ബലിപെരുന്നാൾ ആഘോഷിക്കാനാകുമോ.? എന്ന വിഷയത്തിൽ കഴിഞ്ഞ ഓഗസ്റ്റ് 23 ന് തൃശൂരിൽ വെച്ച് ഒരു സ്നേഹസംവാദം നടക്കുകയുണ്ടായി. അനുകൂലിച്ചും വിമർശിച്ചും ധാരാളം അഭിപ്രായങ്ങൾ ഉന്നയിക്കപ്പെട്ടു. ചാവക്കാട് രാജ് മസ്ജിദിലെ ഇമാമും, പെരുമ്പിലാവ് ഇസ്ലാമിക് കോളേജിലെ അദ്ധ്യാപകനുമായ സുലൈമാൻ അസ്ഹലി, വേദ പഠിതാവും, കൃഷി മലയാളം ഗ്രന്ഥത്തിന്റെ കർത്താവുമായ സി. കെ. സുജിത് കുമാർ, ഗാന്ധിയനും സർവ്വോദയ മണ്ഡലം സാരഥിയുമായ പീതാംബരൻ മാസ്റ്റർ, ജീവ സ്നേഹി സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് ആർ. ലോഹിതാക്ഷൻ, ബധിരരുടെ സംഘടനാ നേതാവും സസ്യാഹാരിയുമായ എം.ആർ. മൊയ്തീൻ, ജൈവകർഷക സമിതിയുടെ സാരഥിയും കോളമിസ്റ്റുമായ കരീം.കെ.പുറം, മുസ്ലീം യുവജന സംഘടന പ്രവർത്തകനായ ഹുസൈൻ ചേനം, സാമൂഹ്യ പ്രവർത്തകനായ ഡേവീസ് വളർക്കാവ് എന്നിവരാണ് ജീവസ്നേഹി, വെജിറ്റേറിയൻ മിഷൻ, എന്നീ ഗ്രൂപ്പുകളുടെ മുൻകൈയ്യിൽ നടത്തിയ സ്നേഹസംവാദത്തിൽ പ്രധാനമായി അഭിപ്രായങ്ങൾ പങ്കുവെച്ചത്.

**ന്യായീകരണത്തിന് ഉന്നയിക്കപ്പെട്ട ആശയങ്ങൾ**

1. ഭക്ഷണത്തിനു വേണ്ടിയുള്ള കൊലയാകാം. മൃഗങ്ങളെ കൊന്നുതിന്നില്ലെങ്കിൽ പെറ്റുപെരുകി മനുഷ്യർക്ക് ജീവിക്കാനാകാതെ വരും. 2. വേട്ടയാടൽ, പെൺമൃഗം, കുട്ടി എന്നിവ ഒഴിവാക്കി കൊന്ന് തിന്നാം. 3. മനുഷ്യർക്ക് മാംസഭുക്കുകളുടെ ദഹന വ്യവസ്ഥയോടാണ് സാമ്യം. അതിനാൽ മാംസം ഭക്ഷിക്കാം. 4. സസ്യമോ, മാംസമോ എന്തു ഭക്ഷണമായാലും അധികമാകരുത് ഇതാണ് നോക്കേണ്ടത്. 5. ജീവികളെ കൊന്ന് ഭക്ഷിക്കാൻ പാടില്ലെങ്കിൽ സസ്യങ്ങൾക്കും ജീവനുണ്ട്. അവയെ തിന്നാമോ? എന്നിങ്ങനെയുള്ള ആശയങ്ങൾ അവതരിക്കപ്പെട്ടു.

**വിമർശനാത്മകമായി വന്ന അഭിപ്രായങ്ങൾ**

1. ഭാരതീയ വേദങ്ങൾ അഹിംസയാണ് പറയുന്നത്. പൗരോഹിത്യം ആശയം വളച്ചൊടിച്ച് യാഗത്തിലും യജ്ഞത്തിലും ഉപയോഗിച്ച് ഭക്ഷിച്ചു. 2. എന്തിന്റെ പേരിലായാലും ഹിംസ ഒഴിവാക്കണം. ഒരു മുസ്ലീം നിർബന്ധമായും ചെയ്യേണ്ട കർമ്മങ്ങളിൽ ബലി ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ ഹിംസ

ലിമാ ഫീച്ചേഴ്സ്

# മൊബൈൽ ഫോണിൽ ഒരു ഡോക്യുമെന്ററി സിനിമ



സുർജിത്







## പ്ലസ്ടു വിദ്യാർത്ഥി സുർജിതിന്റെ സീറോ ബഡ്ജറ്റ് സിനിമ

**മൊബൈൽ ഫോൺ ക്യാമറ ഉപയോഗിച്ച് സീറോ ബഡ്ജറ്റിൽ ഒരു ഹ്രസ്വ ചലച്ചിത്രം നിർമ്മിച്ച് ബദൽ മാതൃക സൃഷ്ടിക്കുകയാണ് സുർജിത് എന്ന വിദ്യാർത്ഥി**

മൊബൈൽ ഫോൺ ദുരുപയോഗപ്പെടുത്തുന്ന പ്രവണതകൾ നിരുത്സാഹപ്പെടുത്താനാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇതിന് വിലക്കേർപ്പെടുത്തിയത്. എന്നാൽ മൊബൈൽ ഫോൺ ക്യാമറ ഉപയോഗിച്ച് സീറോ ബഡ്ജറ്റിൽ ഒരു ഹ്രസ്വ ചലച്ചിത്രം നിർമ്മിച്ച് ഒരു ബദൽ മാതൃക സൃഷ്ടിക്കുകയാണ് സുർജിത് എന്ന വിദ്യാർത്ഥി; അതും നെൽകൃഷി നേരിടുന്ന പ്രതിസന്ധികളിലേക്ക് സമൂഹത്തെ ചിന്തിപ്പിക്കുക എന്ന മഹത്തായ ദൗത്യവുമായി സംഗീതവും ശബ്ദമിശ്രണവും ഉപയോഗപ്പെടുത്തി ഗുണമികവിൽ, പത്ത് മിനുട്ട് ദൈർഘ്യമുള്ള ശക്തമായ ഡോക്യുമെന്ററി.

മലപ്പുറം ജില്ലയിലെ എടവണ്ണ ചാത്തല്ലൂരിലെ സുർജിത്ത് പ്ലസ്ടുവിന് പഠിക്കുമ്പോഴാണ് അച്ഛന്റെയും ജ്യേഷ്ഠന്റെയും മൊബൈൽഫോണിലെ ക്യാമറയിൽ നെൽകൃഷിയുടെ വിവിധ ദൃശ്യങ്ങൾ പകർത്തിത്തുടങ്ങിയത്. ഈ ദൃശ്യങ്ങൾ കമ്പ്യൂട്ടറിൽ പകർത്തിവെച്ചു. ശാസ്ത്ര സാഹിത്യപരിഷത്തിന്റെ ശാസ്ത്ര സാംസ്കാരികോത്സവത്തിന്റെ ഭാഗമായി നടന്ന ക്യാമ്പിൽ പങ്കെടുക്കുമ്പോഴാണ് നെൽകൃഷിയെക്കുറിച്ച് ഒരു ഡോക്യുമെന്ററി ചെയ്യണമെന്ന ആശയം ഉണ്ടാകുന്നത്. കമ്പ്യൂട്ടറിൽ സൂക്ഷിച്ച ചിത്രങ്ങളായിരുന്നു മനസ്സിൽ. പിന്നീട് മൊബൈൽ ക്യാമറയുമായി നടന്ന് കുറേ ദൃശ്യങ്ങൾ പകർത്തി. കർഷകരുമായി അഭിമുഖങ്ങൾ നടത്തി റെക്കോർഡ് ചെയ്തു. വീട്ടിലെ കമ്പ്യൂട്ടർ ഉപയോഗിച്ച് എഡിറ്റിംഗും റീറെക്കോർഡിംഗും നിർവ്വഹിച്ചു. സ്ക്രിപ്റ്റ് എഴുതി. ആഖ്യാനം നടത്താൻ സഹപാഠിയായ എം ഷഹീനലി സഹായിച്ചു. നാടൻപാട്ടിന്റെ അകമ്പടിയോടെ നമ്മുടെ നെൽകൃഷി നേരിടുന്ന ദുരിതങ്ങളിലേക്ക് പ്രേക്ഷകനെ കൊണ്ടുപോകാൻ സഹായിക്കുന്ന സാങ്കേതിക മികവ് 'നെൽകൃഷി' എന്ന ഈ ഡോക്യുമെന്ററി പ്രദർശിപ്പിക്കുന്നുണ്ട്. ഭൂമാഫിയ നെൽവയലുകൾക്ക് ചരമഗീതമെഴുതുന്നതും കൃഷിയോട് നിസ്സംഗത പുലർത്തുന്ന പുതുതലമുറയുടെ ചിന്താഗതികളും നെൽകൃഷിയോടുള്ള ആത്മബന്ധംകൊണ്ട് നഷ്ടം സഹിച്ചും കൃഷി ചെയ്യുന്ന കർഷകരെക്കുറിച്ചും സമഗ്രമായി പ്രതിപാദിക്കുന്നുണ്ട് ഈ ചിത്രത്തിൽ. ജില്ലയിലെ വിവിധ ഗ്രാമങ്ങളിൽ നെൽകൃഷി കുറഞ്ഞുവരുന്നതിന്റെ ഞെട്ടിപ്പിക്കുന്ന കണക്കുകളും സുർജിത് എടുത്തുകാണിക്കുന്നു.

ഉത്സവാഘോഷങ്ങൾക്കും ഫുട്ബോൾ ടൂർണ്ണമെന്റുകൾക്കും ഊർജ്ജവും പണവും സമയവുമെല്ലാം വ്യയം ചെയ്യുന്നത് നാട്ടുകാർ സംസ്കാരത്തിന്റെ ഭാഗമായി കാണുന്നതുകൊണ്ടാണ്. അതുപോലെ നെൽകൃഷിയെ എന്തുകൊണ്ട് കാണുന്നില്ല എന്ന സുർജിത് ചോദിക്കുന്നു. പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനോടൊപ്പം മൂർക്കനാട് സുബുലുസ്സാം സ്കൂൾ പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്ന കുട്ടികളുടെ നെൽകൃഷിയുടെ ദൃശ്യങ്ങളിലൂടെ പരിഹാര നിർദ്ദേശങ്ങളും സുർജിത് നൽകുന്നു. നെൽകൃഷി ഉപജീവനമാർഗം മാത്രമല്ല, നാടിന്റെ സംസ്കാരികമായ ഒരാഘോഷംകൂടിയാക്കി മാറ്റുക എന്ന ആഹ്വാനവുമായാണ് ഈ ഹ്രസ്വചിത്രം അവസാനിക്കുന്നത്.

സുർജിത് മൂർക്കനാട് ഹൈസ്കൂളിൽ പ്ലസ്ടുവിന് പഠിക്കുമ്പോഴാണ് ഡോക്യുമെന്ററി എടുത്തത്. ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രവർത്തകർ പല സ്ഥലങ്ങളിലും ഇത് പ്രദർശിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ അരീക്കോട് എം. ഇ. എ. എസ് കോളേജിൽ കോളേജിൽ ഒന്നാംവർഷ കമ്പ്യൂട്ടർ സയൻസ് ബിരുദത്തിന് പഠിക്കുന്നു.

(വിലാസം: സുർജിത്. സി, സരോവരം, ചാത്തല്ലൂർ പി.ഒ. എടവണ്ണ വഴി. 676541. മലപ്പുറം ജില്ല. ഫോൺ: 9496362216)

ഒഴിവാക്കി ബലിപെരുന്നാൾ ആകാം. 3. സ്നേഹമാണ് മനുഷ്യർ ഊന്നൽ നൽകേണ്ട വികാരമെങ്കിൽ സ്നേഹശൂന്യമാണ് ജന്തുഹത്യ. അതെന്തിന് വേണ്ടിയാണെങ്കിലും പ്രോത്സാഹിപ്പിക്കാനാവില്ല. 4. മിണ്ടാപ്രാണികൾക്ക് ഒരു വക്കീലുണ്ടായിരുന്നുവെങ്കിൽ അവർക്കു വേണ്ടിയുള്ള വാദങ്ങളിൽ നാം കുടുങ്ങിപ്പോയേനേ. 5. മനുഷ്യരാശി കൃഷിയും, ധാന്യസംഭരണവും ആരംഭിച്ചതുമുതൽ ഭക്ഷണത്തിനായുള്ള ഹിംസ അനാവശ്യമാണ്.

**ന്യായീകരിച്ചവർ സ്പർശിക്കാതെ പോയ ആശയങ്ങൾ**

1. ബലിപെരുന്നാളിന്റെ ഐതിഹ്യം പ്രവാചകനായ ഇബ്രാഹിം നബി നടത്തിയ മൃഗബലിയാണ്. അതിന് ഖുർആനിൽ ന്യായീകരണമുണ്ടോ.? 2. ഇക്കാലത്തും നാമത് തുടരണോ? 3. പകരം പ്രതീകങ്ങൾ ആവിഷ്ക്കരിക്കപ്പെടേണ്ടതല്ലേ? 4. ഇബ്രാഹിം നബി ചെയ്ത ശ്രേഷ്ഠമായ പലതും പകർത്താതെ (ഉദാ: ഒരു നീരുറവ ലഭിക്കുന്ന ഉടമ്പടിയുടെ ഓർമ്മക്ക് വൃക്ഷം നട്ടത്) രക്ത പങ്കിലമായത് പകർത്തുന്നതിൽ എന്തു ന്യായമാണ്.? 3. അനുഷ്ഠാനത്തിൽ നിന്ന് ഹിംസ ഒഴിവാക്കാനാകുമോ.? 4. മറ്റു പ്രവാചകൻമാരും വേദങ്ങളും ഇക്കാര്യത്തിൽ എന്തു പറയുന്നു?

ഇങ്ങനെ അർഹിക്കുന്ന പ്രാധാന്യത്തോടെ സംവാദം ഉണ്ടായില്ല. എങ്കിലും സൗഹാർദ്ദപരമായ അന്തരീക്ഷം ആദ്യാവസാനം നിലനിന്നു. സംഘർഷങ്ങളല്ല, സംവാദങ്ങളാണ് സംസ്കാരങ്ങളെ പുഷ്ടിപ്പെടുത്തുന്നത് എന്നതിനാൽ ഇനിയും ഖുർആന്റെ ഹരിതവായനയുമായി ബന്ധപ്പെട്ട സ്നേഹസംവാദങ്ങൾക്ക് വേദികൾ ഉണ്ടാകട്ടേയെന്ന് പ്രത്യാശിക്കുന്നു.



ജീവിതത്തിന്റെ
ലളിതപാഠങ്ങൾ
അക്കു


**കാസർകോട് ജില്ലയിലെ നീലേശ്വരത്തിനടുത്ത് കരീം എന്നൊരു മനുഷ്യൻ 32 ഏക്കർ ഭൂമിയിൽ വളർത്തിയെടുത്ത കാടു കാണാൻ ചെന്നതിന്റെ അനുഭവപാഠങ്ങൾ.**

# കരീമിന്റെ കാടു പഠിപ്പിച്ചത്

കാസർകോട് ജില്ലയിലെ നീലേശ്വരത്തിനടുത്ത് കരീം എന്നൊരു മനുഷ്യൻ 32 ഏക്കർ ഭൂമിയിൽ കാടുവളർത്തിയെടുത്ത കഥ പലയിടങ്ങളിലും ഞാൻ പ്രസംഗിച്ചിട്ടുണ്ട്. കോഴിക്കോട് സർവ്വകലാശാലയിലെ ഓഡിയോ വിഷ്വൽ റിസേർച്ച് സെന്റർ നിർമ്മിച്ച 'കരീമിന്റെ കാട്' എന്ന ഡോക്യുമെന്ററി കൊണ്ടു നടന്നു പ്രദർശിപ്പിച്ചിട്ടുണ്ട്. ഒരു കൊച്ചു തുരുത്തിൽ കുഞ്ഞുവനം എന്ന സ്വപ്നം നെഞ്ചേറ്റി ഞാനിപ്പോഴും നടക്കുന്നുണ്ട്. പറ്റാവുന്നിടങ്ങളിൽ മരങ്ങൾ നടാനും നടാൻ പ്രേരിപ്പിക്കാനും ശ്രമിക്കുന്നുണ്ട്. എന്നിട്ടും കരീം എന്ന ആ വലിയ മനുഷ്യനെയോ അയാൾ വളർത്തിയെടുത്ത കാടോ നേരിൽ കാണാൻ ഇത്രയും നാളും കഴിഞ്ഞിരുന്നില്ല. ഈയടുത്ത നാളുകളിൽ കണ്ണൂർ - കാസർകോട് ജില്ലകളിലൂടെയുള്ള ഒരു യാത്രക്കിടയിലാണ് ഈ കാനന സൗഭാഗ്യം കാണാനുള്ള മോഹം ഉണ്ടാകുന്നത്. മാധ്യമം ഓണപ്പതിപ്പിലെ 'ജൈവമനുഷ്യരി'ൽ ഒരാളായി കരീമിനെക്കുറിച്ച് എഴുതിയത് വായിച്ചിരുന്നു. അതിലെ ഫോൺനമ്പർ കുറിച്ചു വെച്ചതെടുത്ത് നീലേശ്വരം ബസ് സ്റ്റാന്റിൽ നിന്നു വിളിച്ചു. കൂടെ സുഹൃത്തുക്കളായ മമ്മദ് മാഷും ഫോട്ടോഗ്രാഫർ ഹസ്സൻ മമ്പാടുമുണ്ട്. ഫോണിന്റെ മറുതലക്കൽ കരീം എന്ന മനുഷ്യന്റെ പരുക്കൻ ശബ്ദം: "നിങ്ങൾ ഇവിടെ വന്ന് ഫോൺ ചെയ്താൽ എങ്ങന്യാ ശര്യാവാ... മുൻകൂട്ടി വിളിക്കാതെ പെട്ടെന്ന് വന്നാൽ.." ഞങ്ങളെന്തായാലും ഇത്രയും ദൂരം എത്തിയ സ്ഥിതിക്ക് താങ്കളെ കാണണമെന്ന് ആഗ്രഹമുണ്ട് എന്ന് ഭവ്യതയോടെ അറിയിച്ചു. നീലേശ്വരത്തുനിന്ന് കാലുകുത്താൻ പോലും ഇടമില്ലാത്ത തിരക്കേറിയ ബസ്സിൽ പുലിയൻകുളത്തേക്ക് കയറി.

പുലിയൻകുളത്ത്, 'നാട്ടുമധ്യത്തിലെ കൊടുംകാട്' റോഡിൽ നിന്നും കാണാം. ഒരു മാരുതി കാറിൽ എവിടെനിന്നോ മകനോടൊപ്പം വന്നിറങ്ങിയ കരീം. ചിത്രങ്ങളിൽ കണ്ട് സുപരിചിതമായ മുഖം. കണ്ടപാടെ വഴക്കു പറയും മട്ടിൽ അദ്ദേഹം പറഞ്ഞു: "നിങ്ങൾ എന്തുപണിയാണ് കാട്ടിയത്? മുൻകൂട്ടി വിളിച്ചു ഒരു മാസം മുമ്പേയെങ്കിലും അനുവാദം വാങ്ങാതെ ഇങ്ങോട്ടു വരാമോ?" ശകാരത്തിന്റെ ശബ്ദം ഒന്നു കുറയ്ക്കാൻ വേണ്ടി ഞാൻ പറഞ്ഞു: "കരീംക്കാ... പയ്യന്നൂരിൽ വരെ വന്നപ്പോൾ ഇവിടം വരെ ഒന്നു വരാമെന്നു വിചാരിച്ചതാ.." അതുകേട്ടപ്പോൾ അദ്ദേഹത്തിന്റെ ശബ്ദത്തിന്റെ കനം വർധിച്ചു. "അതുശരി! അവിടംവരെ വന്നപ്പോൾ ഇതുംകൂടി കണ്ടുപോകാം എന്നു കരുതി! അത്രേയുള്ളൂ..? ഞാൻ പത്തമുപ്പത് കൊല്ലംകൊണ്ട് ഉണ്ടാക്കിയെടുത്ത താണീ കാട്..! അതിങ്ങനെ കണ്ടുപോകാനുള്ള കാഴ്ചവസ്തുവാണ് നിങ്ങൾക്ക്.."

ഇത്രയും ദൂരം താണ്ടി പ്രതീക്ഷകളോടെ മനസ്സിൽ പൂജിച്ച ഒരു മനുഷ്യനെ കാണാൻ വന്നിട്ട് ഇങ്ങനെയൊക്കെയാണല്ലോ കേൾക്കേണ്ടിവന്നത് എന്ന നിരാശാബോധം എന്റെയുള്ളിലെന്ന പോലെ സുഹൃത്തുക്കളിലും പരക്കുന്നത് ഞാനറിഞ്ഞു. രണ്ടും കൽപ്പിച്ച് അദ്ദേഹത്തിന്റെ രണ്ടുകയ്യും കൂട്ടിപ്പിടിച്ച് ഞാൻ പറഞ്ഞു: "കരീംക്കാ.. നിങ്ങളുടെ കാടും ഈ പ്രവർത്തനങ്ങളും ഒത്തിരി കാലമായി മനസ്സിലുണ്ട്. നിങ്ങളെയൊന്ന് നേരിൽ കണ്ട് തിരികെ പോവുക എന്ന ഒരൊറ്റ ആഗ്രഹമേ ഞങ്ങൾക്കുള്ളൂ. ബുദ്ധിമുട്ടായതിൽ ക്ഷമിക്കുക" അദ്ദേഹം സൗമ്യനായി. കാട്ടിനുള്ളിലെ അദ്ദേഹത്തിന്റെ ഓഫീസിലേക്ക് ഞങ്ങളെ കൊണ്ടുപോയി. എയർകണ്ടീഷണറെ വെല്ലുന്ന കാടിന്റെ ശീതളിമ നുണഞ്ഞ് ഞങ്ങളോട് ആ മുറിയിലിരുന്ന് അദ്ദേഹം സംസാരിച്ചു. വെബ്സൈറ്റ് തുറന്നു. അല്പനേരത്തെ വർത്തമാനത്തിനിടയിൽ വളച്ചുകെട്ടലുകളില്ലാതെ അദ്ദേഹം സംസാരിച്ചപ്പോൾ മനസ്സിലുറഞ്ഞ നീരസം നീങ്ങി പുതിയ പാഠങ്ങൾ നിറച്ചു.



കരീമും (ഇൻസെറ്റിൽ) അദ്ദേഹം നട്ടുവളർത്തിയ കാടും

സ്വന്തം ജീവിതംകൊണ്ട് ഇത്രയും ബൃഹത്തായ കർമ്മപദ്ധതിയിലൂടെ അദ്ദേഹം സാക്ഷാത്ക്കരിച്ച ഹരിതസൗഭാഗ്യത്തിന്റെ തണുപ്പിലൂടെ ഞങ്ങൾ നടന്നു. സ്നേഹത്തോടെ കൈ തന്ന് വീണ്ടും വരണമെന്ന അഭ്യർത്ഥനയോടെ അദ്ദേഹം ഞങ്ങളെ യാത്രയാക്കി.

കരീം എന്ന മനുഷ്യൻ ഇന്ന് ലോകം തിരിച്ചറിഞ്ഞ ഒരു 'ഗ്ലോബൽ പേഴ്സണാലിറ്റി' ആണ്. വെബ്സൈറ്റിലൂടെ ബരാക് ഒബാമയ്ക്കടക്കം അദ്ദേഹത്തെ അറിയാം. മുംബൈയിൽ അമിതാഭ് ബച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച വനവത്ക്കരണ പദ്ധതി ഉദ്ഘാടനം ചെയ്തത് കരീമായിരുന്നു. സഹാറയുടേതടക്കം

വാർത്താവിചാരം
സൂരജ് സി. ചാത്തല്ലൂർ

# തോണി ദുരന്തത്തിലൂടെ ഒരു യാത്ര

**"ഏതെങ്കിലും പാലത്തിനു മുകളിൽ നിന്നും ഒരു ബസ്സെങ്ങാൻ വീഴട്ടെ, പുഴകളെല്ലാം മണ്ണിട്ട് തൂർക്കാനുള്ള ഓർഡർ വരുമായിരിക്കും."**



മൂർക്കനാട് തോണിദുരന്തം. ചാനലുകൾക്കും നേതാക്കൾക്കും ആഘോഷിക്കാൻ ഒരു ദുരന്തം കൂടി. കാര്യകാരണങ്ങളെക്കുറിച്ച് വിശദമായ അന്വേഷണങ്ങളില്ലാതെ, ആർക്കെതിരെയും കേസെടുക്കാനില്ലാതെ ഇതും ഓർമകളിലേക്ക് മാറ്റിവെക്കപ്പെടുന്നു..

അന്നു വൈകുന്നേരം ദുരന്തനേർക്കാഴ്ചകളിലേക്ക് എത്തിച്ചേരുമ്പോൾ പലതരത്തിലുള്ള കാഴ്ചകൾ.

ചാനൽ കാമറകൾഈ ദുരന്തക്കാഴ്ചകൾ ചൂടാറാതെ ജനങ്ങളിലേക്കെത്തിക്കാൻ മൽസരിക്കുന്നു. അവർ ചെയ്യുന്നതവരുടെ ജോലിയാണ്. അവിടെ കൂടിനിന്നവരിൽ മിക്കവരും ഈ ദൃശ്യങ്ങൾ മൊബൈൽ കാമറയിലാക്കാൻ മത്സരിക്കുന്നു. ഇക്കൂട്ടത്തിൽ ഒരധ്യാപകനുണ്ടായിരുന്നു എന്ന് പിന്നീടറിഞ്ഞപ്പോൾ മനസ്സു വേദനിച്ചത് ആ അധ്യാപകനു മുന്നിലൂടെ കടന്നു പോരേണ്ട വരും തലമുറയെ ഓർത്താണ്. സ്വന്തം ജീവൻ പണയപ്പെടുത്തി രണ്ടു പേരെ രക്ഷിച്ച ഷമീം എന്ന വിദ്യാർത്ഥിയ്ക്കു മുന്നിൽ ഈ അധ്യാപകന്റെ ബിരുദങ്ങളും യോഗ്യതകളും നിഷ്പ്രഭം തന്നെ.

ഇതൊരു വശം. പാലമില്ലാത്തതാണ് ദുരന്തകാരണം എന്നും, ജലയാത്ര അപകടം പിടിച്ചതാണെന്നും വരുത്തിത്തീർക്കാനുള്ള വ്യഗ്രതയാണ് മറുവശത്ത് കണ്ടത്. കേരളത്തിലെ ജലഗതാഗത നിയമത്തെക്കുറിച്ചോ, കടത്തുലൈസൻസ് നൽകിയ പഞ്ചായത്തിന്റെ അനാസ്ഥയെക്കുറിച്ചോ, ചുരുങ്ങിയ പക്ഷം വിദ്യാർത്ഥികളനുഭവിക്കുന്ന യാത്രാദുരിതങ്ങളെക്കുറിച്ചുപോലും ഈ പശ്ചാത്തലത്തിൽ വിലയിരുത്താൻ കേരളത്തിലെ ഒരു മാധ്യമവും തയ്യാറായില്ല എന്നതാണു യാഥാർത്ഥ്യം. മാത്രമല്ല തോണി മുങ്ങിയതിനു പരിഹാരമായി തോണിയാത്രയേ വേണ്ടെന്നു വെക്കുക, ടിപ്പർലോറിയിടിച്ചതിനു പരിഹാരമായി അവയുടെ യാത്ര വേണ്ടെന്നു വെക്കുക. വിചിത്രമായ തീരുമാനങ്ങൾ...!

വൈകാതെ നമ്മൾ മറ്റൊരു വാർത്തയും കേൾക്കേണ്ടി വരും സ്കൂൾ ബസ്സുകളുടെ അപകടങ്ങളെ ക്കുറിച്ച്. കാരണം, 16 വർഷം കഴിഞ്ഞ റൂട്ട് പെർമിറ്റ് കിട്ടാത്ത കാലാവധി കഴിഞ്ഞ ബസ്സുകളാണ്. ആവേശത്തോടെ സ്കൂളുകൾ മിക്കതും വാങ്ങിക്കൂട്ടുന്നത്. ഇതിന് നിയമനിബന്ധനകളൊന്നും ഇല്ല. ഈ ബസ്സുകളിൽ പോകുന്നത് മനുഷ്യക്കുട്ടികളല്ലെ?! കേരളത്തിലെ സർക്കാർ ഉദ്യോഗസ്ഥർ മിക്കവരും നിയമത്തെക്കുറിച്ച് മാത്രമല്ല, ഈ നിയമത്തിൽ എന്തെല്ലാം പഴുതുകളുണ്ട് , ഇതെങ്ങനെയെല്ലാം ലംഘിക്കാം എന്നും ചിന്തിക്കുന്നവരാണ്.

കണ്ടൽമരങ്ങൾ വെട്ടിമാറ്റുന്നതിന് നിയമതടസ്സമുണ്ട്. അതു പച്ചമരങ്ങൾക്കല്ലെ?!! അതുകൊണ്ട് വല്ലാർ പാടത്ത് അവയെ ഉണക്കാനുള്ള മാർഗമാലോചിച്ചു.

വെള്ളത്തിൽ ഉദ്യോഗസ്ഥരും കോൺട്രാക്ടർമാരും ചേർന്ന് ഏതോ രാസവസ്തു കലക്കി, മരങ്ങൾ ഉണങ്ങിപ്പോയി.

ഉണങ്ങിയ മരങ്ങൾ വെട്ടി മാറ്റാമല്ലോ.

വാൽക്കഷ്ണം: ഏതെങ്കിലും പാലത്തിനു മുകളിൽ നിന്നും ഒരു ബസ്സെങ്ങാൻ വീഴട്ടെ, പുഴകളെല്ലാം മണ്ണിട്ട് തൂർക്കാനുള്ള ഓർഡർ വരുമായിരിക്കും.

---

വലിയ പുരസ്കാരങ്ങൾ നേടി. അമേരിക്കയിലെ ട്രിനിറ്റി കോളേജിലും കേരളത്തിലെ ആറാം ക്ലാസ്സ് പാഠപുസ്തകത്തിലും കരീമും കാടും പാഠ്യവിഷയമാണ്.

ആഗോളതാപനത്തിനെതിരെ ഭൂഗോളത്തിലെ 'ഇച്ചിരിപ്പിടിയോളം പോന്ന' 32 ഏക്കറിൽ കാടുവളർത്തി ചെറുത്തുനിൽപ്പ് നടത്തിക്കൊണ്ടിരിക്കുന്ന കരീമിനെ ഇന്ന് ലോകം തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ ഭൂഗോളത്തിൽ സ്വന്തം പ്രയത്നത്തിന്റെ പ്രാധാന്യം അദ്ദേഹവും തിരിച്ചറിഞ്ഞു കഴിഞ്ഞു. അതുകൊണ്ടാണ് ചില ചോദ്യങ്ങൾ അദ്ദേഹം ഉറക്കെ ചോദിക്കുന്നത്. മോഹൻലാലിന് കേണൽ പദവി കൊടുത്ത് എന്തിനു വേണ്ടിയാണ്? ഒരു അഭിനേതാവിനപ്പുറം അദ്ദേഹം ഭൂമിക്കു വേണ്ടി എന്തു ചെയ്തു? കലാകാരന്മാരും കവികളും രാഷ്ട്രീയക്കാരും എന്തുചെയ്യുന്നു? മാസികയും പത്രവും നടത്തിയിട്ട് എന്തുകാര്യം? കോടികൾ തുലച്ച് ചാന്ദ്രയാൻ നടത്തിയിട്ട് എന്തു കാര്യം? ഭൂമിയെ രക്ഷിക്കാൻ നാം എന്തു ചെയ്യുന്നുണ്ട്? അമേരിക്കൻ തെരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ ബരാക് ഒബാമയുടെ പ്രധാന വാഗ്ദാനം ആഗോളതാപനം കുറയ്ക്കാൻ ആവുന്നതു ചെയ്യുമെന്നായിരുന്നു. നമ്മുടെ നാട്ടിലെ നേതാക്കന്മാർക്ക് എന്നാണ് ആഗോളതാപനം പോലെയുള്ള പാരിസ്ഥിതിക വിഷയങ്ങൾ തെരഞ്ഞെടുപ്പ് അജണ്ടയാവുക?

ഇങ്ങനെയൊക്കെ ചോദിക്കുകയും പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു 'ഗ്ലോബൽ പേഴ്സണാലിറ്റി'യെ കാണാൻ മുൻകൂട്ടി അനുവാദം വാങ്ങേണ്ടതില്ലെന്ന് ഞങ്ങൾക്ക് തോന്നിയത് എന്തുകൊണ്ടാണ്? ഏതൊരു വി.ഐ.പിയെയും കാണാൻ മുൻകൂട്ടി അനുവാദം വാങ്ങാൻ നമുക്ക് അറിയാമല്ലോ. ഇദ്ദേഹത്തെ ഒരു വി.ഐ.പിയായി ഞങ്ങൾ പരിഗണിച്ചില്ലെന്നോ? എന്താണ് വി.ഐ.പിയുടെ മാനദണ്ഡം? ഇങ്ങനെ ചോദ്യങ്ങൾ മനസ്സിൽ പെരുകുകയാണ്.

ഒരു 'ഗ്ലോബൽ പേഴ്സൺ' എന്ന നിലയിൽ സ്വന്തം പ്രാധാന്യം സ്വയം പറയുന്നയാൾ എന്ന് കരീമിനെക്കുറിച്ച് ഞങ്ങൾക്ക് തോന്നിയോ? അദ്ദേഹം ഇതു പറയുന്നില്ലെങ്കിൽ ഇക്കാര്യം തിരിച്ചറിഞ്ഞ മറ്റാരെങ്കിലും ഇതു പറയണം. പക്ഷേ, എത്ര പേരിത് തിരിച്ചറിഞ്ഞ് പറയുന്നുണ്ട്? കരീമിന്റെ കാടിനെക്കുറിച്ച് വളരെ ധൃതി പിടിച്ച് കാത്തുനിൽക്കാൻ ക്ഷമയില്ലാതെ ടി.വി പ്രോഗ്രാമാക്കാൻ ക്യാമറയും സന്നാഹങ്ങളുമായി തിരക്കോടെ വന്ന ചാനലുകാരെ ആട്ടിപ്പായിച്ച കഥ അദ്ദേഹം പറഞ്ഞിരുന്നു. ഞാൻ പത്തുമുപ്പത് കൊല്ലംകൊണ്ട് ഉണ്ടാക്കിയെടുത്തത് ഒന്നുകാണാൻ ക്ഷമയില്ലാത്തവനെ ഞാനെന്തു ചെയ്യണം? അങ്ങനെയെങ്കിൽ 30 കൊല്ലത്തെ ഒരു മനുഷ്യന്റെ അധ്വാനം 30 മിനുട്ടുപോലും ചെലവഴിക്കാനാവാതെ കണ്ടുപോകാൻ മാത്രമായി വന്ന ഞങ്ങളെ ചീത്ത പറഞ്ഞാൽ മതിയോ?

കാഴ്ചക്കാരുടെ സമൂഹമായി ലോകം അധഃപതിക്കുന്നുവെന്ന സത്യവും ഒരു ചെറുന്യൂനപക്ഷമെങ്കിലും ക്രിയാത്മകമായി ഇടപെട്ടുകൊണ്ടിരിക്കുന്നുവെന്ന സത്യവും കരീം പഠിപ്പിക്കുന്നു. ഏതു സത്യമാണ് പുണരേണ്ടത്..? നമുക്ക് തീരുമാനിക്കാം...

## കാമ്പയിൻ



## യാത്ര പരമാവധി പൊതുവാഹനനങ്ങളിൽ

നഗരങ്ങളിലെ ശ്വാസം മുട്ടിക്കുന്ന ട്രാഫിക് ജാമുകൾക്ക് പ്രധാന കാരണം സ്വകാര്യ വാഹനങ്ങളുടെ അമിതവും വിവേചനരഹിതവുമായ ഉപയോഗമാണെന്ന് പഠനങ്ങൾ.

നമ്മുടെ നാട്ടിലെ തന്നെ ഇടത്തരം നഗരങ്ങളിൽ വരെ ട്രാഫിക് ജാം പൊതുജീവിതത്തെ സാരമായി ബാധിക്കുന്നുണ്ട്. ട്രാഫിക് ജാമുകൾ ശ്രദ്ധിച്ചാലറിയാം, റോഡിൽ വന്നുനിറയുന്നത് ഒന്നോ രണ്ടോ പേർ മാത്രം സഞ്ചരിക്കുന്ന വലിയ സ്വകാര്യ വാഹനങ്ങളാണ്. കൂടുതൽ ആളുകളെ ഉൾക്കൊള്ളുന്ന പൊതുവാഹനത്തിന് നിരത്തുകളിൽ മുൻഗണന കൊടുക്കേണ്ടതാണ്.

സ്വകാര്യവാഹനങ്ങൾ അത്യാവശ്യത്തിന് മാത്രം ഉപയോഗിച്ച് പൊതുവാഹന സംവിധാനം പരമാവധി പ്രയോജനപ്പെടുത്തിയാൽ ട്രാഫിക് ജാമുകൾക്ക് കുറേയൊക്കെ പരിഹാരമാകും.

## അനുഭവനുറുങ്ങുകൾ

ബിനു വി.ബി.

### തിരഞ്ഞെടുപ്പ്

വയനാട് കളക്ട്രാഫീസിൽ വച്ച് തിരഞ്ഞെടുപ്പ് നിരീക്ഷകരാജാവിന്റെ കാര്യസ്ഥനായ ഞാൻ, ഏമാന്റെ അത്താഴവിരുന്നിന് മേമ്പൊടിയായ മൽഗോവാ മാമ്പഴത്തിനുള്ള അഞ്ഞൂറ് രൂപ ഭോജനോദ്യോഗസ്ഥന് നൽകിയത് കണ്ട്, ജില്ലാ ആശുപത്രിയിൽ രാത്രി മുഴുവൻ ചോര പോയി കിടക്കുന്ന മകളുടെ ചികിത്സാ സഹായത്തിനുള്ള ഹരജി നീട്ടി ചുവന്ന പല്ലുള്ള ആദിവാസി ചാത്തിയും ചോദിച്ചു എന്നോട് ഒരു പത്തുറുപ്യ

### ദേഹഭയം

കേവലം കോടീശ്വരനായ ധനാഢ്യനാഥൻ തന്റെ ദേഹരക്ഷയ്ക്കായി സമർപ്പിച്ച തോക്ക്ലൈസൻസിന്റെ ഹരജിയിൻമേൽ ഹജൂർ മേലാളൻ മറുപടി നൽകി 'ദേഹരക്ഷയ്ക്ക് തോക്കല്ല വേണ്ടു, ആവാം മുട്ടയും പാലും..'

## ബല്ലാരി രാജയും പഴശ്ശിരാജയും

രാജമാണിക്യമെന്ന തട്ടുപൊളിപ്പൻ ചിത്രത്തിലെ ബല്ലാരി രാജയ്ക്കും ഹരിഹരൻ സംവിധാനം ചെയ്ത പഴശ്ശിരാജയിലെ നായക കഥാപാത്രത്തിനും ഒരേ മുഖം നല്കുന്നത് വാണിജ്യ സിനിമയുടെ താല്പര്യമാണ്. ബല്ലാരിയാണെങ്കിലും പഴശ്ശിയാണെങ്കിലും കാശുകിട്ടിയാൽ മതി.

ചരിത്രപുരുഷന്മാരെ സിനിമയിലാവിഷ്ക്കരിക്കുമ്പോൾ ജനപ്രിയ താരങ്ങളുടെ പരിചിതമായ മുഖം ഒഴിവാക്കേണ്ടതു തന്നെയാണ്. പഴശ്ശിരാജ എന്ന ചരിത്രപുരുഷൻ ജനങ്ങളുടെ മനസ്സിൽ മമ്മൂട്ടിയുടെ മുഖമായി പരിമിതപ്പെടുമ്പോൾ, അത് പുതു തലമുറയോട് ചെയ്യുന്ന അപരാധം തന്നെയാണ്.


വാൽക്കഷ്ണം: ഗാന്ധി സിനിമ കണ്ടുകൊണ്ടിരുന്ന കുട്ടിയുടെ സംശയം: "ഈ നടന്റെ പേരെന്താ?" അച്ഛൻ: "കിങ്സ്ലി." പത്രത്തിൽ പിന്നീടെപ്പോഴോ ഗാന്ധിജിയുടെ പടം കണ്ട കുട്ടിക്ക് വീണ്ടും സംശയം: "ഇത് കിങ്സ്ലിയല്ലേ?"




### മരണത്തിന്റെ പാതകൾ

*നവംബർ 25ന് ഇറങ്ങിയ ഇന്ത്യാ ടുഡേ വാഹനാപകടങ്ങളെക്കുറിച്ച് പ്രസിദ്ധീകരിച്ച കവർ സ്റ്റോറിയിൽനിന്ന്...*

- ലോകത്ത് ഏറ്റവുമധികം റോഡപകടങ്ങൾ നടക്കുന്നത് ഇന്ത്യയിൽ. മണിക്കൂറിൽ 13 മരണങ്ങൾ. വർഷം 1,14,590 പേർ. ഒടുവിലെ കണക്കു പ്രകാരം കേരളത്തിൽ 39,861 അപകടങ്ങളിൽ 3802 മരണം.
- പത്തുപേർ ലോകത്ത് വാഹനാപകടത്തിൽ മരിച്ചാൽ അതിൽ ഒരാൾ ഇന്ത്യക്കാരനായിരിക്കും.
- 85 ശതമാനം ഇരകളും പുരുഷന്മാരാണ്. അതിൽ തന്നെ ഒരു നല്ല വിഭാഗം 30നും 59നും ഇടക്ക് പ്രായമുള്ള ജോലിയെടുക്കാൻ കഴിവുള്ളവരാണ്.
- റോഡപകടങ്ങളിൽ പെടുന്ന 80 ശതമാനവും കാൽനടക്കാരാണ്.



Little Masika Novomber 2009 Postal Reg.No. KL/MJI/82/2007-2009.RN 67322 / 94 registered with the
Registrar of News Papers for India New Delhi Rs. 6.50

# Subscribe to The Green Truth

























## relevance of being little

ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

## ലിറ്റിൽ മാസിക

2009 നവംബർ
ലക്കം: 111

ചെറുതായിരിക്കുന്നതിന്റെ പ്രസക്തിയെക്കുറിച്ച് നിരന്തരം അന്വേഷിക്കുന്നു. പ്രസക്തങ്ങളായ ചെറിയ കാര്യങ്ങളെക്കുറിച്ച് ജാഗ്രതയോടെ സംസാരിക്കുന്നു. ആശയപരമായി പ്രതികരിച്ചും പ്രചാരണപരമായി സഹായിച്ചും നിങ്ങൾക്കും എഴുത്തിന്റെയും അന്വേഷണത്തിന്റെയും ഈ തനതുവഴികളിൽ പങ്കാളികളാകാം.

Registered Periodical

*If undeliverd,*
*please return to*

Editor
Little masika
Chungathara P.O.
Malappuram Dt.
Pin: 679 334
Kerala

Edited, Printed, Published and owned by Biju John published at Chungathara
printed at Imperial Edv. for Co-op Press, Chungathara